രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്നു. നിയമ ഭേദഗതികളെല്ലാം നിയമസഭ പാസ്സാക്കിയിട്ടുള്ളതാണ്.

(ഡി) ഒരു ആഡിറ്റ് കമ്മിഷൻ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത യെപ്പറ്റി സെൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങളുടെ ആഡിറ്റിനുവേണ്ടി മാത്രമുള്ള ഒരു സ്വതന്ത്ര ആഡിറ്റ് കമ്മീഷനാണ് സെൻ കമ്മിറ്റി വിഭാവനം ചെയ്തിട്ടുള്ളത്. കമ്മീഷന്റെ ഘടന, അധികാരങ്ങൾ തുടങ്ങിയ വിശദാംശങ്ങൾ തീരുമാനിക്കേണ്ടിയിരിക്കുന്നു.

337 (1530) ഏകീകൃത വാടക സംബന്ധിച്ച നിയമ നിർമ്മാണം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഗരങ്ങളിലെ വാടകക്കെട്ടിടങ്ങളിൽ താമസി ക്കുന്നവർ കെട്ടിട ഉടമകളിൽനിന്നും നേരിട്ടുകൊണ്ടിരിക്കുന്ന അമിത അഡ്വാൻസ് തുക ആവശ്യപ്പെടൽ, ഇടയ്ക്കിടയ്ക്ക് കൂടുതൽ വാടക ചോദി ക്കൽ, ഒഴിപ്പിക്കൽ ഭീഷണി തുടങ്ങിയവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിട ഉടമകളുടെ ചൂഷണത്തിൽനിന്ന് വാടകക്കാരെ രക്ഷി ക്കുന്നതിന് എന്തെങ്കിലും നിയമം നിലവിലുണ്ടോ; വിശദാംശം വെളിപ്പെടു ത്തുമോ;

(സി) കെട്ടിടങ്ങളുടെ വാടക നിജപ്പെടുത്തുന്നതിനും അടിക്കടി വാടക വർദ്ധിപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിനും ഏകീകൃത വാടക സമ്പ്രദായം ഏർപ്പെടുത്തുന്നതിനും ഉപയുക്തമായ നിയമനിർമ്മാണം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) 1965 ലെ കേരള ബിൽഡിംഗ് ലീസ് ആന്റ് റെന്റ് കൺട്രോൾ ആക്ട് നിലവിലുണ്ട്.

(സി) നിലവിലുള്ള നിയമം സമഗ്രമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടി ഭവന നിർമ്മാണ വകുപ്പ് സ്വീകരിച്ചുവരുന്നു.

338 (1531) ശുചിത്വ പരിശീലനത്തിന് പ്രത്യേക സംവിധാനം

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എം.എ. തോമസ് :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു ശുചിത്വ പരിശീലനത്തിന് പ്രത്യേക സംവി ധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ശുചിത്വം പരിപാലിക്കുന്നതിന്റെ പ്രാധാന്യം സംബന്ധിച്ച് ജന ങ്ങളിൽ അവബോധം സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പരിസര ശുചീകരണത്തിനുവേണ്ടി സന്നദ്ധ സംഘടനകളെ കൂട്ടിയിണക്കി ഒരു സംസ്ഥാനതല പദ്ധതിക്ക് രൂപം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly